**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3325** **26-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച് .എസ്.ഇ , വി.എച്ച്.എസ്.ഇ ഉൾപ്പടെ എത്ര സീറ്റുകളാണ് സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകളിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ 4,33,471 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 33,030 സീറ്റുകളും ലഭ്യമാണ്. |
| (ബി) | ഈ അധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളാണ് അധികമായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി സ.ഉ.(കൈ) നം.45/2024/ പൊവിവ തീയതി 08.05.2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് അധികമായി 10% മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തര വായിട്ടുണ്ട്. ആകെ 72910 അധിക സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈൻ വഴി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കന്ററിയിൽ ഓൺലൈൻ വഴി ആകെ 466071 അപേക്ഷകൾ ആണ് ലഭിച്ചത്. അതിൽ 44410 അപേക്ഷകൾ മാതൃജില്ലയ്ക്ക് പുറത്ത് നിന്ന് അപേക്ഷിച്ചവരും 421661 അപേക്ഷകൾ ജില്ലയ്ക്കകത്തുള്ളവരുമാണ്.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 49054 ഓൺലൈൻ അപേക്ഷകൾ ലഭിച്ചു. |

സെക്ഷൻ ഓഫീസർ